# കേരള സർവകലാശാല

നം. പി.ആർ.113/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018–19

കേരള സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും, യു.ഐ.റ്റി , ഐ.എച്ച്.ആർ.ഡി കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് (2018–19) പ്രവേശനത്തിന് ഓൺലൈൻ (http://admissions.keralauniversity.ac.in) രജിസ്ട്രേഷൻ ആരംഭിച്ചു.

സർവകലാശാലയുടെ കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കണം.

കമ്മ്യൂണിറ്റി ക്വാട്ട

കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഏകജാലക സംവിധാനം വഴി സമർപ്പിച്ച അപേക്ഷയുടെ ഒരു പകർപ്പും, അനുബന്ധ രേഖകളും ബന്ധപ്പെട്ട കോളേജുകളിൽ സമർപ്പിക്കണം. സർവകലാശാലയിലേക്ക് അപേക്ഷകൾ അയക്കേണ്ടതില്ല.

സ്പോർട്സ് ക്വാട്ട

സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഏകജാലക സംവിധാനം വഴി സമർപ്പിച്ച അപേക്ഷയുടെ ഒരു പകർപ്പും, സ്പോർട്സിലെ മികവും തെളിയിക്കുന്ന രേഖകളുടെ പകർപ്പും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ സമർപ്പിക്കണം. സർവകലാശാലയിലേക്ക് അപേക്ഷകൾ അയക്കേണ്ടതില്ല.

പ്രത്യേക ശ്രദ്ധക്ക്: മതം/ജാതി മുതലായവ അപേക്ഷയിൽ രേഖപ്പെടുത്തുവാൻ താല്പര്യമില്ലാത്ത വിദ്യാർത്ഥികൾക്ക് Not applicable എന്ന ഓപ്ഷൻ സെലക്ട് ചെയ്യാം. ഇങ്ങനെയുള്ളവർ Fee Category General എന്ന് സെലക്ട് ചെയ്യണം. ഫീസ് കാറ്റഗറി സെലക്ട് ചെയ്യുന്നതിന് മുൻപ് അഡ്മിഷൻ സൈറ്റിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക. ഈഴവ, മുസ്ലീം, ഒ.ബി.എക്സ്, ഒ.ബി.എച്ച്, എസ്.ഐ.യു.സി, എൽ സി ക്രിസ്ത്യൻ സമുദായത്തിലേക്ക് മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാർ, കുടുംബി എന്നിവർക്ക് എസ്.ഇ.ബി.സി സെലക്ട് ചെയ്യാം. ഫീസ് കാറ്റഗറിയോടൊപ്പം നൽകിയിട്ടുള്ള rules വായിച്ചിട്ട് മാത്രം ഫീസ് കാറ്റഗറി സെലക്ട് ചെയ്യുക.

രജിസ്ട്രേഷൻ പൂർത്തികരിച്ച് കഴിഞ്ഞാൽ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ വഴിയോ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന പ്രത്യേക ചെല്ലാൻ ഉപയോഗിച്ചോ മാത്രം അടയ്ക്കുക. ഡി.ഡി, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല. ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി പിന്നീട് അറിയിക്കും. ഓൺലൈൻ അപേക്ഷയുടെ പകർപ്പ് സർവകലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

## ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ ടൈംടേബിൾ

മേയ് 28-ന് ആരംഭിക്കുന്ന ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

മേയ് 23-ന് ആരംഭിക്കുന്ന മൂന്നും രണ്ടും ഒന്നും വർഷ ബി.കോം (കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്-ത്രീമെയിൻ സിസ്റ്റം) പരീക്ഷകൾക്ക് വിദ്യാർത്ഥികൾ ആവശ്യപ്പെട്ടിരുന്ന കേന്ദ്രങ്ങളിലെ മാറ്റം താഴെപ്പറയുന്ന രീതിയിലാണ്:

1.കൊല്ലം എഫ്.എം.എൻ കോളേജ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ടിരുന്നവർ, കൊല്ലം ടി.കെ.എം ആർട്സ് & സയൻസ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി അവിടെ പരീക്ഷ എഴുതണം.

2. പുനലൂർ സെന്റ്. ഗൊറേത്തി/പുനലൂർ കെ.പി.എം.എച്ച്.എസ്.എസ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ടിരുന്നവർ പുനലൂർ എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷ എഴുതണം.

3. കാര്യവട്ടം ഗവ. കോളേജ്/കാട്ടാക്കട ക്രിസ്ത്യൻ കോളേജ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ടവർ പാളയം സെനറ്റ് ഹൗസ് ക്യാമ്പസ് സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷ എഴുതണം.

4. കോട്ടയം എം.സി വർഗീസ് കോളേജ്, ആലപ്പുഴ ലജനത്തുൾ എച്ച്.എസ്.എസ്, കാഞ്ഞിരപ്പള്ളി സെന്റ് ഡൊമനിക്, ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ്, കരിമ്പ ഗവ.എച്ച്.എസ്.എസ്, എച്ച്.എസ്.എസ് വന്നേരി, കണ്ണൂർ നമ്പൂതിരീസ് ടീച്ചർ എഡ്യൂക്കേഷൻ സെന്റർ പരീക്ഷാകേന്ദ്രങ്ങളായി ആവശ്യപ്പെട്ടിരുന്നവർ ചേർത്തല എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷ എഴുതണം.

5. ചേർത്തല എസ്.എൻ കോളേജ്, ചേർത്തല സെന്റ്. മൈക്കൽസ് കോളേജ് എന്നീ പരീക്ഷാ കേന്ദ്രങ്ങൾക്ക് മാറ്റമില്ല.

വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എഡ് റിസർച്ച് പ്രൊപ്പോസൽ ടൈംടേബിൾ

മേയ് 22-ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഡ് ഡിഗ്രി പരീക്ഷയോടനുബന്ധിച്ചുള്ള റിസർച്ച് പ്രൊപ്പോസൽ നടത്തുന്നതിന്റെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി പ്രാക്ടിക്കൽ

ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്സി ബയോകെമിസ്ട്രി ആന്റ് ഇൻസ്ട്രിയൽ മൈക്രോബയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ മേയ് 28 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി ഫലം

2017 ഒക്ടോബറിൽ നടത്തിയ നാല്, രണ്ട് സെമസ്റ്റർ ബി.എസ്സി ബോട്ടണി ആന്റ് ബയോടെക്നോളജി, ബയോകെമിസ്ട്രി ആന്റ് ഇൻസ്ട്രിയൽ മൈക്രോബയോളജി (2013 അഡ്മിഷനു മുൻപുള്ളത്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ജൂൺ ആറ് വരെ ഓൺലൈനായി അപേക്ഷിക്കാം.

## ബി.എസ്സി പ്രാക്ടിക്കൽ

ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പരീക്ഷയുടെ പ്രാക്ടിക്കൽ മേയ് 22 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ.എസ്.എൽ.പി പരീക്ഷ

ജൂൺ അഞ്ചിന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്ട്രീം) ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ മേയ് 24, 50 രൂപ പിഴയോടെ മേയ് 26, 125 രൂപ പിഴയോടെ മേയ് 28 വരെയും ഫീസടച്ച് അപേക്ഷിക്കാം.

ജൂൺ 13-ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (മേഴ്സിചാൻസ് - പഴയ സ്കീം) ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ മേയ് 22, 50 രൂപ പിഴയോടെ മേയ് 24, 125 രൂപ പിഴയോടെ മേയ് 26 വരെയും ഫീസടച്ച് അപേക്ഷിക്കാം.

## ക്യാമ്പസ് നഴ്സറി സ്കൂൾ അഡ്മിഷൻ

കേരള സർവകലാശാല ക്യാമ്പസ് അസോസിയേഷൻ നഴ്സറി സ്കൂളിലേയ്ക്ക് എൽ.കെ.ജി, യു.കെ.ജി, ക്രഷ് എന്നിവയിലേയ്ക്ക് അഡ്മിഷൻ പുരോഗമിക്കുന്നു.അവസാന തീയതി മേയ് 29. വിശദവിവരങ്ങൾക്ക് 9846830314, 7558079312.

## ബി.എഡ് ഫലം

2017 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ് പരീക്ഷയുടെ (റഗുലർ/സപ്ലിമെന്ററി)ഫലം പ്രസിദ്ധീകരിച്ചു.വിശദമായ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in)ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ജൂൺ എട്ട് വരെ അപേക്ഷിക്കാവുന്നതാണ്.

തിരുവനന്തപുരം.
19.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098